പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1772

17.06.2013-ൽ മറുപടിക്ക്

# തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. ശശി | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കാനായി 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ ഏതെല്ലാം പരിപാടികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) 9 തീരദേശ ജില്ലകളിലെ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ വഴി 33 കോടി രൂപ അടങ്കൽ തുക വരുന്ന സംയോജിത കടൽ സുരക്ഷാ പദ്ധതിയുടെ പ്രൊജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയിലൂടെ 4000 മത്സ്യബന്ധനയാനങ്ങൾക്ക് അപകട സ്ഥാനം നിർണ്ണയിക്കുന്നതിനായി റേഡിയോ ബീക്കൺ, കപ്പലുകളുമായും മറ്റു യാനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനായി വി.എച്ച്.എഫ്.-മറൈൻ റേഡിയോ, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, മറ്റു യാനങ്ങളുടെ വിശദവിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം, ജി.പി.എസ്.-ജി.എസ്.എം. വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ നൽകാൻ ഉദ്ദേശിക്കുന്നു.<br>കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 910 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 600 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾക്ക് റേഡിയോ ബീക്കൺ, എക്കോ സൗണ്ടർ, വി.എച്ച്.എഫ്.-മറൈൻ റേഡിയോ, എ.ഐ.എസ്., ജി.പി.എസ്. എന്നീ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നു. |

(ബി) നാവിക നിയമങ്ങൾ, കടൽ സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയിൽ തീവ്ര പരിശീലനം നൽകുന്നതിനായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയ 2 കോടി രൂപയിൽ എത്ര തുക എന്തെല്ലാം പരിപാടികൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ?

(ബി) 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തിയതിനെ തുടർന്ന് 3300 ലക്ഷം രൂപ അടങ്കൽ വരുന്ന (സംസ്ഥാന വിഹിതം 425 ലക്ഷം, കേന്ദ്രവിഹിതം 2205 ലക്ഷം, ഗുണഭോക്തൃവിഹിതം 670 ലക്ഷം) ഇന്റഗ്രേറ്റഡ് സീസേഫ്റ്റി പ്രോജക്ട് അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് 02.03.13 - ൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ